File No.SH2/260/2018-GAD-Part(3)

20044
8/11/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു ഭരണ വകുപ്പ്- ജീവനക്കാര്യം- ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ശമ്പളം -പുതുക്കി നിശ്ചയിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു ഭരണ (സർവ്വീസസ്-എച്ച്) വകുപ്പ്

G.O.(Rt)No.6406/2019/GAD തീയതി,തിരുവനന്തപുരം, 05/11/2019

പരാമർശം:- 1) സ.ഉ. (സാധാ)നം.2341/2016/പൊ.ഭ.വ, തീയതി, 08.04.2016

2) സ.ഉ. (സാധാ)നം.5475/2018/പൊ.ഭ.വ, തീയതി, 17.08.2018

3) സ.ഉ. (സാധാ)നം.6504/2018/പൊ.ഭ.വ, തീയതി, 04.10.2018

4) സ.ഉ. (സാധാ)നം.550/2019/പൊ.ഭ.വ, തീയതി, 29.01.2019

5) ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 04.06.2019 ലെ PS/313/2019 നമ്പർ കുറിപ്പ്.

ഉത്തരവ്

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിതനായ ശ്രീ. പ്രകാശൻ മാസ്റ്റർ എം.-ന് വേണ്ടി പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ₹ 77400 - 115200 ശമ്പള സ്കെയിലിൽ 21.08.2018 പ്രാബല്യത്തിൽ പ്രൈവറ്റ് സെക്രട്ടറിയുടെ ഒരു താൽകാലിക തസ്തിക സൃഷ്ടിച്ചിരുന്നു. എന്നാൽ ശ്രീ. പ്രകാശൻ മാസ്റ്റർ എം. സർക്കാർ സർവ്വീസിൽ നിന്നും സ്വമേധയാ വിരമിച്ച വ്യക്തിയാണ് എന്ന് അറിയിച്ചതിനെ തുടർന്ന് ടിയാന്റെ നിയമനം പുനർ നിയമന വ്യവസ്ഥ പ്രകാരമാക്കിക്കൊണ്ടും പ്രസ്തുത തസ്തികയുടെ ശമ്പളം കേരള സർവീസസ് ചട്ടങ്ങൾ ഭാഗം III ചട്ടം 100 പ്രകാരം ക്രമപ്പെടുത്തിക്കൊണ്ടും പരാമർശം (3) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

2. ശ്രീ. പ്രകാശൻ മാസ്റ്റർ എം.-ന്റെ നിയമനം പുനർ നിയമന വ്യവസ്ഥ പ്രകാരമാക്കി ശമ്പളം നിർണയിച്ചപ്പോൾ പ്രൈവറ്റ് സെക്രട്ടറി തസ്തികയുടെ അടിസ്ഥാന ശമ്പളമായ ₹ 77,400/- രൂപയിൽ നിന്നും ഏകദേശം ₹ 35,000/- രൂപ കുറവായ തുക മാത്രമേ അടിസ്ഥാന ശമ്പളമായി ലഭ്യമാകുന്നുള്ളു എന്നും, പ്രൈവറ്റ് സെക്രട്ടറി തസ്തികയുടെ ജോലി ഭാരവും ഉത്തരവാദിത്തങ്ങളും കണക്കിലെടുത്ത് നിലവിൽ വാങ്ങി വരുന്ന സർവ്വീസ് പെൻഷൻ പ്രൈവറ്റ് സെക്രട്ടറിയായി തുടരുന്ന കാലയളവിൽ നിർത്തി വച്ച് പരാമർശം (1) പ്രകാരം പ്രൈവറ്റ് സെക്രട്ടറി തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള ₹ 77,400 - 1,15,200 ശമ്പള സ്കെയിലിൽ ശമ്പളം അനുവദിച്ച് ഉത്തരവാകുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, പ്രൈവറ്റ് സെക്രട്ടറിയുടെ ചാർജിൽ നിന്നും സ്ഥാനമൊഴിയുന്ന മുറയ്ക്ക് സർവ്വീസ് പെൻഷൻ പുനഃ സ്ഥാപിച്ചു നൽകാനും ഉത്തരവുണ്ടാകണമെന്ന് പരാമർശം (4) കുറിപ്പ് പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി തസ്തികയുടെ ജോലി ഭാരവും ഉത്തരവാദിത്തങ്ങളും കണക്കിലെടുത്തുകൊണ്ട് പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ. പ്രകാശൻ മാസ്റ്റർ എം. നിലവിൽ വാങ്ങി വരുന്ന സർവീസ് പെൻഷൻ നിർത്തിവച്ചു കൊണ്ട് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള ₹. 77,400 - 1,15,200/- ശമ്പള സ്കെയിൽ,

നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ചു കൊണ്ട് 21.08.2018 പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. ശ്രീ. പ്രകാശൻ മാസ്റ്റർ എം 21.08.2018 മുതൽ കൈപ്പറ്റിയിട്ടുള്ള സർവ്വീസ് പെൻഷൻ തുക ട്രഷറിയിൽ തിരിച്ചൊടുക്കി ചെല്ലാൻ പൊതു ഭരണ (അക്കൗണ്ട്സ് -സി) വകുപ്പിൽ ഹാജരാക്കേണ്ടതാണ്. ടിയാൻ പ്രൈവറ്റ് സെക്രട്ടറി സ്ഥാനമൊഴിയുന്ന മുറയ്ക്ക് നിർത്തിവയ്ക്കുന്ന സർവ്വീസ് പെൻഷൻ പുനഃ സ്ഥാപിച്ചു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA IAS
PRINCIPAL SECRETARY

ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി, തിരുവനന്തപുരം (വെബ് & ന്യൂ മീഡിയ)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പെൻഷൻ വിതരണ സബ് ട്രഷറി, തിരുവനന്തപുരം
പൊതു ഭരണ (അക്കൗണ്ട്സ് - എ, സി, പി, ആർ) വകുപ്പുകൾ
പൊതു ഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പ്

പൊതു ഭരണ (എസ്.സി.) വകുപ്പ് (31.10.2019-ലെ ഇനം നം: 3443 പ്രകാരം)

ധനകാര്യ (വ്യയം) വകുപ്പ് (31.08.2019-ലെ E.No: 962592 : EXP-A2/498/2018-FIN പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-10-2019

ഫയൽ നം. എസ്.എച്ച്.2/260/2018/പൊ.ഭ.വ.- Part(3). ഇനം നം: 3443

വിഷയം : പൊതുഭരണ വകുപ്പ് - ബഹു. വ്യവസായ കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

Urgent
BR
2/11/19

3443

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എസ്.എച്ച്2/260/2018/പൊ.ഭ.വ-Part (3) |
| 2. | വകുപ്പ് | പൊതുഭരണ (സർവ്വീസസ്-എച്ച്) വകുപ്പ് |
| 3. | വിഷയം | ബഹു. വ്യവസായ കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28.09.2019 |
| 5. | 1. ഇത് സാമ്പത്തിക ബാധ്യത യുള്ളതാണോ?<br>2. സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | 1) അതെ<br>2) ഉണ്ട് |
| 6. | മറ്റേതങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. സി അജയൻ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14.10.2019 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.10.2019 |
| 12. | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | 22.10.2019 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 25.10.2019 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ബഹു. വ്യവസായ കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ശമ്പളം പുതുക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

17.08.2018 ലെ സ.ഉ (സാധാ)നം. 5745/2018/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിതനായ ശ്രീ. പ്രകാശൻ മാസ്റ്റർ എം -ന് വേണ്ടി 04.10.2018 ലെ സ.ഉ.(സാധ ാ)നം.6504/2018/ പൊ.ഭ.വ പ്രകാരം ₹ 77400 - 115200 ശമ്പള സ്കെയിലിൽ 21.08.2018 പ്രാബല്യത്തിൽ പ്രൈവറ്റ് സെക്രട്ടറിയുടെ ഒരു താൽകാലിക തസ്തിക സൃഷ്ടിച്ചിരുന്നു. എന്നാൽ ശ്രീ. പ്രകാശൻ മാസ്റ്റർ എം സർക്കാർ സർവ്വീസിൽ നിന്നും സ്വമേധയാ വിരമിച്ച വ്യക്തിയാണ് എന്ന് അറിയിച്ചതിനെ തുടർന്ന് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ടിയാന്റെ നിയമനം പുനർ നിയമന വ്യവസ്ഥ പ്രകാരമാക്കി ശമ്പളം കേരള സർവീസസ് ചട്ടങ്ങൾ ഭാഗം III ചട്ടം 100 പ്രകാരം ക്രമപ്പെടുത്തി 04.10.2018 ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് 29/01/2019 ൽ സ.ഉ.(സാധാ)നം. 550/2019/ പൊ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീ. പ്രകാശൻ മാസ്റ്റർ എം-ന്റെ നിയമനം പുനർ നിയമന വ്യവസ്ഥ പ്രകാരമാക്കിയപ്പോൾ മുൻ സർവ്വീസിലെ ശമ്പള സ്കെയിലിൽ നിന്നും പെൻഷൻ കുറവു ചെയ്തതിനു ശേഷമുള്ള ശമ്പള നിരക്കിൽ ശമ്പളം നിശ്ചയിച്ചു കൊണ്ടാണ് നിലവിൽ ശമ്പളം അനുവദിച്ചിട്ടുള്ളത് എന്നും, നിലവിൽ അടിസ്ഥാന പെൻഷൻ തുകയായി ലഭിക്കുന്നത് ₹18,651/- രൂപയാണ് എന്നും, പുനർനിയമന വ്യവസ്ഥ പ്രകാരം ശമ്പളം നിർണയിച്ചപ്പോൾ പ്രൈവറ്റ് സെക്രട്ടറി തസ്തികയുടെ അടിസ്ഥാന ശമ്പളമായ ₹ 77,400/- രൂപയിൽ നിന്നും ഏകദേശം ₹ 35,000/- രൂപ കുറവായ തുക മാത്രമേ അടിസ്ഥാന ശമ്പളമായി ലഭ്യമാകുന്നുള്ളു എന്നും. പ്രൈവറ്റ് സെക്രട്ടറി തസ്തികയുടെ ജോലി ഭാരവും ഉത്തരവാദിത്തങ്ങളും കണക്കിലെടുത്ത് ഇപ്പോൾ വാങ്ങുന്ന സർവ്വീസ് പെൻഷൻ പ്രൈവറ്റ് സെക്രട്ടറിയായി തുടരുന്ന കാലയളവിൽ നിർത്തി വച്ച് നിലവിൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് അനുവദിച്ചിട്ടുള്ള ₹77,400 - 1,15,200 ശമ്പള സ്കെയിലിൽ ശമ്പളം അനുവദിച്ച് ഉത്തരവാകുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും, പ്രൈവറ്റ് സെക്രട്ടറിയുടെ ചാർജിൽ നിന്നും സ്ഥാനമൊഴിയുന്ന തിയതിക്ക് ശേഷം നിർത്തിവയ്ക്കുന്ന സർവ്വീസ് പെൻഷൻ പുനഃസ്ഥാപിച്ചു നൽകാനും ഉത്തരവുണ്ടാകണമെന്ന് ശ്രീ. പ്രകാശൻ മാസ്റ്റർ ആവശ്യപ്പെട്ടിരുന്നു.

ശ്രീ.പ്രകാശൻ മാസറ്ററുടെ ആവശ്യത്തിന്മേൽ, വ്യവസ്ഥകളിൽ ഇളവ് നൽകി അനുമതി നൽകുന്ന കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായതിനെ തുടർന്ന് ധനകാര്യ വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തി;

"സർവീസ് പെൻഷൻ വാങ്ങുന്ന ഒരാളെ റീഎംപ്ളോയ്മെന്റ് വ്യവസ്ഥയിൽ സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിപ്പിക്കുമ്പോൾ കെ എസ് ആർ ചട്ടം 100 പ്രകാരമാണ് ടിയാന്റെ ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിക്കേണ്ടത്. എന്നാൽ ടി ചട്ടത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്ന് ഒരാൾ ഒരേസമയം പെൻഷനും ശമ്പളവും സംസ്ഥാന ഖജനാവിൽ നിന്ന് വാങ്ങരുത് എന്നാണ്. ഭരണ വകുപ്പ് ശുപാർശ പ്രസ്തുത ഉദ്ദേശ്യലക്ഷ്യത്തിന് വിരുദ്ധമല്ല എന്നതിനാൽ താഴെപ്പറയുന്ന ഭരണ വകുപ്പ് ശുപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കുന്നതായി അറിയിക്കുന്നു.

ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ. പ്രകാശൻ മാസ്റ്റർ എം ഇപ്പോൾ വാങ്ങുന്ന സർവ്വീസ് പെൻഷൻ, പ്രൈവറ്റ് സെക്രട്ടറിയായി തുടരുന്ന കാലയളവിലേയ്ക്ക് നിർത്തി വച്ച് നിലവിൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് അനുവദിച്ചിട്ടുള്ള ₹77,400 - 1,15,200/- ശമ്പള സ്കെയിലിൽ ടിയാൻ സേവനത്തിൽ പ്രവേശിച്ച 21.08.2018 പ്രാബല്യത്തിൽ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെ പ്രൈവറ്റ് സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും അനുവദിക്കാമെന്നും, ടിയാൻ പ്രൈവറ്റ് സെക്രട്ടറി സ്ഥാനമൊഴിയുന്ന തീയതി മുതൽ നിർത്തിവയ്ക്കുന്ന സർവ്വീസ് പെൻഷൻ പുനഃസ്ഥാപിച്ചു നൽകാമെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരം ഉണ്ട്."

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സംബന്ധിച്ച ഉത്തരവിനായി ഫയൽ വീണ്ടും ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ധനവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

1. ബഹു. വ്യവസായ, കായിക, യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ. പ്രകാശൻ മാസ്റ്റർ .എം നിലവിൽ വാങ്ങിവരുന്ന സർവ്വീസ്

പെൻഷൻ ബഹു. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി തുടരുന്ന കാലയളവിൽ നിർത്തി വച്ച് നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവായ 08.04.2016 ലെ സ. ഉ. (സാധാ) നം. 2341/ 2016/ പൊ.ഭ.വ പ്രകാരം ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി, സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി തസ്തികകൾക്ക് അനുവദിച്ചിട്ടുള്ള ₹. 77,400-1,15,200/- ശമ്പള സ്കെയിലിൽ, നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് കൊണ്ട്, ടിയാൻ സേവനത്തിൽ പ്രവേശിച്ച 21.08.2018 പ്രാബല്യത്തിൽ ശമ്പളം അനുവദിക്കാമോ? ഇപ്രകാരം അനുവദിക്കുമ്പോൾ 21.08.2018 മുതൽ ശ്രീ. പ്രകാശൻ മാസ്റ്റർ.എം കൈപ്പറ്റിയിട്ടുള്ള സർവ്വീസ് പെൻഷൻ തുക തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടാമോ?

2. ഇനം.1 ന്റെ അടിസ്ഥാനത്തിൽ നിർത്തിവയ്ക്കുന്ന സർവ്വീസ് പെൻഷൻ, ടിയാൻ പ്രൈവറ്റ് സെക്രട്ടറി സ്ഥാനമൊഴിയുന്ന മുറയ്ക്ക് പുനഃസ്ഥാപിച്ച് നൽകുവാൻ അനുമതി നൽകാമോ ?